**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 324** **27-06-2022 - ൽ മറുപടിയ്ക്ക്**

**പാറശ്ശാല മണ്ഡലത്തിലെ ലൈഫ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | പാറശ്ശാല നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലായി ഭൂരഹിതരായ ഭവനരഹിതർക്ക് ലൈഫ് പദ്ധതി പ്രകാരം ഫ്ലാറ്റ് നിർമ്മാണത്തിനുള്ള ഭൂമി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവ എവിടെയെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | പാറശ്ശാല നിയോജക മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഫ്ളാറ്റ് നിർമ്മാണത്തിനുള്ള ഭൂമി കണ്ടെത്തിയിട്ടില്ല. |
| (ബി) | ലൈഫ് പദ്ധതി പ്രകാരം വീട് ലഭിക്കുന്നതിനായി പാറശ്ശാല നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ നിന്നായി ഭൂരഹിതരായ ഭവനരഹിതരുടെ എത്ര അപേക്ഷകൾ ലഭ്യമായെന്നും, നാളിതുവരെ എത്ര പേർക്ക് പാർപ്പിടം ഉറപ്പാക്കിയെന്നും വിശദമാക്കുമോ; | (ബി) | ലൈഫ് പദ്ധതി പ്രകാരം വീട് ലഭിക്കുന്നതിനായി പാറശ്ശാല നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ നിന്നായി 2016-21 കാലയളവിൽ 904 ഗുണഭോക്താക്കളാണ് ഭൂരഹിത വിഭാഗത്തിൽ അർഹരായത്. ഇതിൽ 159 പേർ ഭൂമി ആർജ്ജിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ട് ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാനാകാതെ പോയ ഭൂരഹിത ഭവനരഹിതർ സമർപ്പിച്ച ഓൺലൈൻ അപേക്ഷകൾ ലൈഫ് 2020 മാനദണ്ഡ പ്രകാരം ഫീൽഡ്തല പുന:പരിശോധന നടത്തിയതിൽ നിലവിലുള്ള കരട് പട്ടികയിൽ 2,031 ഭൂരഹിത ഭവനരഹിതർ ഉൾപ്പെട്ടിട്ടുണ്ട്. ഈ അപേക്ഷകളുടെ തുടർനടപടികൾ പൂർത്തിയാക്കി 2022 ആഗസ്റ്റ് 16-ന് അന്തിമ പട്ടിക പ്രസിദ്ധീകരിക്കു ന്നതാണ്. |
| (സി) | എല്ലാവർക്കും പാർപ്പിടം എന്ന പ്രഖ്യാപനം എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (സി) | ഈ സർക്കാരിന്റെ കാലയളവിൽ ഒരു വർഷം ഒരു ലക്ഷം വീട് എന്ന കണക്കിൽ 5 വർഷം കൊണ്ട് 5 ലക്ഷം വീടുകൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിലൂടെ അർഹരായ എല്ലാവർക്കും പാർപ്പിടം എന്ന പ്രഖ്യാപനത്തിലേക്ക് എത്തിച്ചേരാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ